## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4512 — 04.02.2014-ലെ മറുപടിക്ക്

### പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്ക് വേണ്ടി മാറ്റിവച്ച ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.അടൂർപ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പെരിങ്ങോംവയക്കര ഗ്രാമപഞ്ചായത്തിൽ പെരിങ്ങോം വില്ലേജിൽ ഫയർ സ്റ്റേഷൻ, ഐ.ടി.ഐ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്നിവക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ; | (എ) & (ബി) | പെരിങ്ങോം വില്ലേജിൽ റീ.സ.51, 46/1 ൽപ്പെട്ട ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഫയർ & റസ്ക്യൂ സ്റ്റേഷൻ, ഖരമാലിന്യ പ്ലാന്റ്, ഐ.ടി.ഐ എന്നിവ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഭൂമി ഉൾപ്പെടെ 56.54 ഏക്കർ മിച്ചഭൂമി മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 02.01.2010 ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.2/2010/റവന്യൂ പ്രകാരം ചെങ്ങറ പുനരധിവാസത്തിന് വിതരണത്തിനായി നീക്കിവച്ചിരുന്ന ഭൂമിയാണ്. ആയതിനാൽ 'ടി' സ്ഥലം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന് നല്കുവാൻ സാധിക്കുമോ എന്നത് പരിശോധിച്ചുവരുന്നു. |
| (ബി) | പൊതു ആവശ്യങ്ങൾക്ക് വേണ്ടി മാറ്റിവെച്ച് ലാന്റ് ബോർഡിൽ നിന്ന് ഉത്തരവായിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പ്രസ്തുത ഭൂമി അനുവദിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ